7. പൊതു വിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപ്പൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

8. ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

9. സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

10. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വിൽപ്പനയ്ക്ക് വയ്ക്കുന്നത്.

ഇത്തരത്തിൽ വിപണിയിൽ ഫലപ്രദമായി ഇടപ്പെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നോർമൽ വിഹിതത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ 'അഡ്ഹോക്ക്" വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) കേന്ദ്ര സർക്കാരുമായി നിരവധി ചർച്ചകൾ നടത്തിയതിന്റെ ഫലമായി അഡ്ഹോക്ക് വിഹിതം കേന്ദ്ര സർക്കാർ പുന:സ്ഥാപിച്ച് നൽകാറുണ്ട്.

**ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ അംഗങ്ങളുടെ നിയമനം**

238 (1272) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ എത്ര അംഗങ്ങളെ നിയമിച്ചിട്ടുണ്ട് ;

(ബി) അംഗങ്ങളെ നിയമിക്കുന്നതിന് എന്ത് മാനദണ്ഡമാണ് പരിഗണിച്ചത് എന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അംഗങ്ങളെ നിയമിച്ചതിൽ അഴിമതി നടന്നതായി വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ട് എങ്കിൽ ഇതിന്മേൽ വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 14 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലുമായി 25 അംഗങ്ങൾ നിയമിതരായിട്ടുണ്ട്.

(ബി) (i) കമ്മീഷനിലും ഫോറങ്ങളിലും ഒരു അംഗം വനിതയായിരിക്കണം.

(ii) 35 വയസ്സ് പൂർത്തിയായിരിക്കണം.

(iii) അംഗീകൃത സർവ്വകലാശാലയിൽനിന്നും നേടിയ ബിരുദം.

(iv) സാമൂഹിക, സാമ്പത്തിക, നിയമ, വ്യാവസായിക വിഷയങ്ങളിൽ 10 വർഷത്തിൽ കുറയാതെയുള്ള ഇടപെടലും പ്രവർത്തന പരിചയവും.

(സി&ഡി) ഇല്ല. അടിസ്ഥാനരഹിതമായ വാർത്തകളായിരുന്നു അവ. മാനദണ്ഡങ്ങൾ പാലിച്ചുമാത്രമാണ് എല്ലാ നിയമനങ്ങളും നടത്തിയിട്ടുള്ളത്.

**ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനം**

239 (1273) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഫോറത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദീകരിക്കാമോ ;

(സി) ഉപഭോക്തൃഫോറങ്ങൾ പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) ഇത്തരം ഫോറങ്ങൾ പ്രാദേശികമായി പുനഃസംഘടിപ്പിക്കുന്നത് പരിഗണിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly